milma®

Malabar Regional Co-operative Milk Producers' Union Ltd.
Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

NO:MRU:P&I:153.Scholarship:2022 : 590 30.11.2022

**സർക്കുലർ നമ്പർ 900/2022**

**വിഷയം:- ക്ഷീരോൽപാദകരുടെ കുട്ടികൾക്ക് മേഖലാ യൂണിയനിൽ നിന്ന് 2022-23 വർഷം സ്കോളർഷിപ്പ് അനുവദിക്കുന്നത് സംബന്ധിച്ച്.**
**സൂചന:- മലബാർ മേഖലാ യൂണിയൻ ഭരണ സമിതിയുടെ 25.11.2022 തിയ്യതിയിൽ കൂടിയ യോഗത്തിന്റെ 44/(P&I)13-ാം നമ്പർ തീരുമാനം**

മലബാർ മേഖലാ യൂണിയനിൽ അംഗങ്ങളായിട്ടുള്ള ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിലെ അംഗങ്ങളായ ക്ഷീരോൽപാദകരുടെ കുട്ടികൾക്ക് ഡിഗ്രി, സാങ്കേതിക വിദ്യാഭ്യാസം, ബിരുദാനന്തര ബിരുദം എന്നീ കോഴ്സുകൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് നിർദ്ദിഷ്ട മാതൃകയിലുള്ള ഫോറത്തിൽ അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

1. **ബിരുദ വിദ്യാഭ്യാസത്തിന്**

   മലബാർ മേഖലാ യൂണിയൻ പ്രവർത്തന പരിധിയിലുള്ള **ഓരോ ജില്ലയിലും 2 കുട്ടികൾ എന്ന കണക്കിൽ 12 കുട്ടികൾക്ക്** പ്രതിവർഷം 5000 രൂപ വീതം 3 വർഷത്തേക്ക്.

2. **സാങ്കേതിക വിദ്യാഭ്യാസം / പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക്**

   മലബാർ മേഖലാ യൂണിയൻ പ്രവർത്തന പരിധിയിലുള്ള **ഓരോ ജില്ലയിലും 2 കുട്ടികൾ എന്ന കണക്കിൽ 12 കുട്ടികൾക്ക്** പ്രതിവർഷം 7500 രൂപ വീതം 4 വർഷത്തേക്ക്.

3. **ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക്**

   മലബാർ മേഖലാ യൂണിയൻ പ്രവർത്തന പരിധിയിലുള്ള **ഓരോ ജില്ലയിലും ഒരാൾ എന്ന കണക്കിൽ 6 കുട്ടികൾക്ക്** പ്രതിവർഷം 10,000 രൂപ വീതം 2 വർഷത്തേക്ക്.

2022 മാർച്ച്/ഏപ്രിൽ മാസത്തിൽ യോഗ്യത നേടുകയും 2022-23 അദ്ധ്യയന വർഷത്തിൽ പ്രവേശനം ലഭിക്കുകയും ചെയ്ത വിദ്യാർത്ഥികളിൽ നിന്ന് ഏറ്റവും ഉയർന്ന മാർക്ക് ലഭിച്ചവർക്കായിരിക്കും സ്കോളർഷിപ്പ് അനുവദിക്കുന്നത്. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന അപേക്ഷാ ഫോറത്തിൽ ആവശ്യമായ അനുബന്ധ സർട്ടിഫിക്കറ്റുകൾ സഹിതം 31.1.2023-നകം ബന്ധപ്പെട്ട പി&ഐ ഓഫീസ് മുഖാന്തിരം അപേക്ഷിക്കാവുന്നതാണ്.

ആവശ്യമായ പ്രചരണം നൽകി അർഹരായ അപേക്ഷകരെ കണ്ടെത്തുന്നതിനുള്ള നടപടികൾക്ക് താത്പര്യപ്പെടുന്നു.

മാനേജിംഗ് ഡയറക്ടർ

**എല്ലാ അംഗ സംഘങ്ങൾക്കും**

പകർപ്പ്- എല്ലാ ഡിസ്ട്രിക്ട്/ പി ആന്റ് ഐ യൂണിറ്റ് മേധാവികൾക്കും
മാനേജർ (എഫ്),എച്ച്ഒ

## മലബാർ മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ ലിമിറ്റഡ്

### ക്ഷീരോൽപ്പാദകരുടെ കുട്ടികൾക്ക് മേഖലാ യൂണിയനിൽ നിന്ന് സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം.

1. അപേക്ഷകന്റെ പേരും മേൽ വിലാസവും :
2. ക്ഷീരോൽപ്പാദകന്റെ പേര് :
3. ഫോൺ/ മൊബൈൽ നമ്പർ :
4. അപേക്ഷകനുമായുള്ള ബന്ധം :
5. കർഷകന്റെ അംഗത്വ നമ്പർ :
6. പാൽ നൽകുന്ന സംഘത്തിന്റെ പേര് :
7. മേഖലാ യൂണിയൻ അംഗത്വ നമ്പർ :
8. 1.4.2021 മുതൽ 31.3.2022 വരെ സംഘത്തിൽ നൽകിയ പാലിന്റെ അളവ് :
9. പാൽ നൽകിയ ദിവസങ്ങളുടെ എണ്ണം :
10. 2022 മാർച്ച്/ ഏപ്രിൽ മാസങ്ങളിലെ യോഗ്യതാ നിർണ്ണയ പരീക്ഷക്ക് ലഭിച്ച മാർക്ക് :

| | ആകെ മാർക്ക് | കിട്ടിയ മാർക്ക് | മാർക്ക് ശതമാനം |
|---|---|---|---|
| യോഗ്യതാ പരീക്ഷ : | | | |
| (.....................................) | | | |

(ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ ശരി പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്.)

11. ഇപ്പോൾ പഠിക്കുന്ന കോഴ്സ്
    ബിരുദം :
    സാങ്കേതിക വിദ്യാഭ്യാസം :
    ബിരുദാനന്തര ബിരുദം :
12. പഠിക്കുന്ന സ്ഥാപനത്തിന്റെ പേര് :
    മേൽവിലാസം :

(സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.)

| വിദ്യാർത്ഥിയുടെ പേരും ഒപ്പും | ക്ഷീരോൽപാദകന്റെ പേരും ഒപ്പും | പ്രസിഡണ്ടിന്റെ പേരും ഒപ്പും | സെക്രട്ടറിയുടെ പേരും ഒപ്പും |
|---|---|---|---|

തീയ്യതി

(സംഘം മുദ്ര)

---

### സാക്ഷ്യപത്രം

മേൽ പറഞ്ഞ വിവരങ്ങൾ പരിശോധിച്ച് സത്യമാണെന്ന് ബോദ്ധ്യപ്പെട്ടു. ഈ അപേക്ഷ പരിഗണിക്കാവുന്നതാണ്.

HQ ഇൻചാർജ്ജ്
പേര്, ഒപ്പ്
തിയ്യതി

DOH/UH
പേര്, ഒപ്പ്
തിയ്യതി

ജനറൽ മാനേജർ (പി ആന്റ് ഐ)